# 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5306** | **15-03-2023 - ൽ മറുപടിയ്ക്ക്**

## നാളികേര കർഷകർക്ക് താങ്ങുവില ലഭ്യമാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൊപ്ര സംഭരണം ഫലപ്രദമായി നടപ്പാക്കാൻ കഴിയാത്തതിനാൽ നാളികേര കർഷകർ കടുത്ത പ്രതിസന്ധി നേരിടുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഇല്ല. നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കുവാനും സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രോത്സാഹിപ്പിക്കാനുമായാണ് സംസ്ഥാന സർക്കാർ 14.01.2022- ലെ സ.ഉ. (കൈ) നം. 3/2022/ കൃഷി ഉത്തരവ് പ്രകാരം പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. കേരഫെഡ്, VFPCK, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC), തുടങ്ങിയവ മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 32/- രൂപ സംഭരണ വില നൽകിയാണ് സംഭരിച്ചു വരുന്നത്.<br><br>പച്ചത്തേങ്ങയുടെ സംഭരണ വില 27/- രൂപയായിരുന്നത് 2021 ഏപ്രിൽ മുതലാണ് 32/ - രൂപയായി സർക്കാർ നിശ്ചയിച്ച് 14-1-2022 മുതൽ പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. തേങ്ങയുടെ ഉല്പാദനചെലവും ഉൽപ്പാദനവും കണക്കാക്കിയാണ് സംഭരണവില / തറവില നിശ്ചയിക്കുന്നത്. കേന്ദ്രസർക്കാർ 2022 സീസണിലെ തേങ്ങയുടെ താങ്ങുവില 28.60 രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള താങ്ങുവിലയേക്കാൾ 03.40 രൂപ അധികം നൽകിയാണ് സംസ്ഥാന സർക്കാർ നിലവിൽ കർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്.<br><br>പച്ചത്തേങ്ങ സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കേരഫെഡ് വിവിധ സഹകരണ സംഘങ്ങൾ FPO കൾ മുഖേനയും വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളത്തിന്റെ (VFPCK) സ്വാശ്രയ കർഷക വിപണികൾ മുഖേനയും കേരള നാളികേര വികസന കോർപ്പറേഷന്റെ കേന്ദ്രങ്ങൾ വഴിയും, സംഭരണ കേന്ദ്രങ്ങൾ ആരംഭിച്ച് പച്ചത്തേങ്ങ സംഭരണം നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | നാളികേരം ഏറ്റവും കൂടുതൽ ലഭിക്കുന്ന മാസങ്ങളിൽ കർഷകർക്ക് താങ്ങുവില ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഇല്ല. നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കുവാനും സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രോത്സാഹിപ്പിക്കാനുമായാണ് സംസ്ഥാന സർക്കാർ 14.01.2022- ലെ സ.ഉ. (കൈ) നം. 3/2022/ കൃഷി ഉത്തരവ് പ്രകാരം പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. കേരഫെഡ്, VFPCK, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC), തുടങ്ങിയവ മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 32/- രൂപ സംഭരണ വില നൽകിയാണ് സംഭരിച്ചു വരുന്നത്.<br><br>പച്ചത്തേങ്ങയുടെ സംഭരണ വില 27/- രൂപയായിരുന്നത് 2021 ഏപ്രിൽ മുതലാണ് 32/ - രൂപയായി സർക്കാർ നിശ്ചയിച്ച് 14-1-2022 മുതൽ പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. തേങ്ങയുടെ ഉല്പാദനചെലവും ഉൽപ്പാദനവും കണക്കാക്കിയാണ് സംഭരണവില / തറവില നിശ്ചയിക്കുന്നത്. കേന്ദ്രസർക്കാർ 2022 സീസണിലെ തേങ്ങയുടെ താങ്ങുവില 28.60 രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള താങ്ങുവിലയേക്കാൾ 03.40 രൂപ അധികം നൽകിയാണ് സംസ്ഥാന സർക്കാർ നിലവിൽ കർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്.<br><br>പച്ചത്തേങ്ങ സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കേരഫെഡ് വിവിധ സഹകരണ സംഘങ്ങൾ FPO കൾ മുഖേനയും വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളത്തിന്റെ (VFPCK) സ്വാശ്രയ കർഷക വിപണികൾ മുഖേനയും കേരള നാളികേര വികസന കോർപ്പറേഷന്റെ കേന്ദ്രങ്ങൾ വഴിയും, സംഭരണ കേന്ദ്രങ്ങൾ ആരംഭിച്ച് പച്ചത്തേങ്ങ സംഭരണം നടത്തി വരുന്നു. |
| (സി) | 2022-23 കാലഘട്ടത്തിൽ എത്ര രൂപയുടെ നാളികേരം സംഭരിച്ചുവെന്ന് വ്യക്തമാക്കാമോ? | (സി) | നാളിതുവരെ 26568 കർഷകരിൽ നിന്ന് 30,09,88,019/- (മുപ്പത് കോടി ഒമ്പത് ലക്ഷത്തി എൺപത്തിയെണ്ണായിരത്തി പത്തൊമ്പത് രൂപ മാത്രം ) രൂപയുടെ (15332.49 മെട്രിക് ടൺ ) പച്ചത്തേങ്ങ സംഭരിക്കുകയും , ആയതിന്റെ വില കർഷകരുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതു മാകുന്നു. |

സെക്ഷൻ ഓഫീസർ